ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് എത്രകോടിയുടെ കടപ്പത്രമാണ് 1999 നവംബർ, ഡിസംബർ മാസങ്ങളിൽ ഇറക്കിയത്;

(ബി) ഈ കടപ്പത്രത്തിൽ നിന്ന് എന്ത് തുക പിരിഞ്ഞുകിട്ടിയെന്ന് അറിയിക്കുമോ;

(സി) ഈ കടപ്പത്രത്തിന്റെ വിൽപ്പന ആര് മുഖേനയാണ് നടത്തിയത്;

(ഡി) കടപ്പത്രം വിൽപന നടത്തിയ സ്ഥാപനത്തിന് എന്ത് തുക കമ്മീഷൻ നൽകിയെന്ന് അറിയിക്കുമോ;

ഉത്തരം

(എ) സംസ്ഥാന ഗവൺമെന്റ് കടപ്പത്രം ഇറക്കിയിട്ടില്ല. സർക്കാരിനു വേണ്ടി കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡാണ് 500 കോടി രൂപയുടെ കടപ്പത്രം ഇറക്കിയത്. ഇതിൽ ആദ്യ ഗഡുവായി 200 കോടി രൂപ സമാഹരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

(ബി) കണക്കാക്കി വരുന്നു.

(സി) എസ്.ബി.ഐ. ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ്, മുംബൈ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നിവർ മുഖേന.

(ഡി) കണക്കാക്കി വരുന്നു.

4 (292) സംസ്ഥാന സർക്കാരിന്റെ കടപ്പത്രം

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് പ്രത്യേകമായി കടപ്പത്രം പുറപ്പെടുവിക്കാൻ കാരണം എന്താണ്;

(ബി) കടപ്പത്രത്തിലൂടെ ലഭ്യമായ തുക എന്താവശ്യത്തിനാണ് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;0

(സി) കടപ്പത്രത്തിലേയ്ക്ക് എന്തു തുക പിരിഞ്ഞു കിട്ടിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരും മറ്റു ഏജൻസികളും ഏറ്റെടുക്കുന്ന വിവിധ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന തിലേക്ക് വിനിയോഗിക്കാനായി കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് വഴിയാണ് കടപ്പത്രം പുറപ്പെടുവിച്ച് തുക സമാഹരിക്കാൻ തീരുമാനിച്ചിരിക്കുന്നത്.

(ബി) സംസ്ഥാനത്തെ റോഡ്, ജലസേചനം, ശുദ്ധജലവിതരണം ഉൾനാടൻ ഗതാഗതം, വൈദ്യുതി, തുറമുഖം, ചവറ് സംസ്കരണം തുടങ്ങിയ

LIBRARY ARCHIVES Kerala Legislative Assembly

മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാൻ വേണ്ടി വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) കണക്കാക്കി വരുന്നു.

5 (293) സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടി

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. കെ.എം. മാണി :

ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ഫലപ്രദമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര തവണ ഓവർഡ്രാഫ്റ്റ് എടുക്കേണ്ടിവന്നുവെന്നും ഓരോ സാമ്പത്തിക വർഷം എത്ര തവണ 'വെയ്സ് ആന്റ് മീൻസ്' അഡ്വാൻസ് എടുക്കാനിടയായിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും ഏതൊക്കെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും എന്തു തുക വായ്പയെടുത്തിട്ടുണ്ടെന്നും ഈ വായ്പകൾക്ക് പലിശഇനത്തിൽ എന്തു തുക ആയിട്ടുണ്ടെന്നും വിശദമാക്കാമോ;

(ഡി) നടപ്പു വർഷം സംസ്ഥാന ഗവൺമെന്റ് കടപ്പപത്രം വഴി എന്തു തുക സമാഹരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും ഇതു വരെ എന്തു തുക സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്നില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം

1996-97-ൽ

ഓവർ ഡ്രാഫ്റ്റ് - 1 തവണ

വെയ്സ് ആന്റ് മീൻസ് - 5 തവണ

1997-98-ൽ

ഓവർ ഡ്രാഫ്റ്റ് ഇല്ല

വെയ്സ് ആന്റ് മീൻസ് - 41 തവണ

1998-99-ൽ

ഓവർ ഡ്രാഫ്റ്റ് - 7 തവണ

വെയ്സ് ആന്റ് മീൻസ് - 173 തവണ

1999-2000-ൽ 30.11.1999 വരെ

ഓവർ ഡ്രാഫ്റ്റ് - 11 തവണ

LIBRARY ARCHIVES Kerala Legislative Assembly